روضة الخطباء

# റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

## മൂസാ നബിയുടെ ചരിത്രം നമ്മോട് പറയുന്നത്

13/08/2021

sufaraulislam.com

بسم الله الرحمن الرحيم

- പ്രവാചക ചരിത്രങ്ങൾ നമുക്ക് ഗുണപാഠമാണ്.
- മുഹറം മാസം മൂസാ നബി (അ) യെയും അനുയായികളെയും അക്രമിയായ ഭരണാധികാരിയിൽ നിന്നും രക്ഷപ്പെടുത്തിയ മാസമാണ്.
- എന്തു കൊണ്ടാണ് മൂസാ നബി (അ) ക്ക് അല്ലാഹുവിന്റെ സഹായം ലഭിച്ചത്?
- മൂസാ നബിയുടെ ചരിത്രം നമ്മോട് പറയുന്നത്...

**1. വിശ്വാസത്തിന് ഉറപ്പ് നൽകുന്നതാണ്**

وَكُلًّا نَقُصُّ عَلَيْكَ مِنْ أَنْبَاءِ الرُّسُلِ مَا نُثَبِّتُ بِهِ فُؤَادَكَ [هود: ١٢٠]

**അല്ലാഹുവിൽ ഭരമേൽപിക്കാം, അവൻ നമ്മെ ഏറ്റെടുക്കും**

وَأَوْحَيْنَا إِلَى أُمِّ مُوسَى أَنْ أَرْضِعِيهِ فَإِذَا خِفْتِ عَلَيْهِ فَأَلْقِيهِ فِي الْيَمِّ وَلَا تَخَافِي وَلَا تَحْزَنِي إِنَّا رَادُّوهُ إِلَيْكِ وَجَاعِلُوهُ مِنَ الْمُرْسَلِينَ [القصص: ٧]

മൂസാ നബിയുടെ ഉമ്മ അല്ലാഹുവിൽ ഭരമേൽപിച്ചു.
അല്ലാഹുവിന്റെ കൽപന അവർ അനുസരിച്ചു .

- **റബ്ബ് നദിയിൽ കുഞ്ഞിന് സംരക്ഷണമൊരുക്കി**
- **ഫിർഔനിന്റെ കൊട്ടാരത്തിൽ വളർത്തി**
- **ഒടുവിൽ ഉമ്മയുടെ കൈകളിൽ തിരിച്ച് നൽകി**

(فَرَدَدْنَاهُ إِلَى أُمِّهِ كَيْ تَقَرَّ عَيْنُهَا وَلَا تَحْزَنَ وَلِتَعْلَمَ أَنَّ وَعْدَ اللَّهِ حَقٌّ) [القصص: ١٣]

നമ്മുടെ പ്രയാസങ്ങൾ റബ്ബിലേൽപിക്കാം
അവൻ നമ്മെ സഹായിക്കും എന്നുള്ള അവന്റെ വാഗ്ദാനം സത്യമാണ്

**2. പ്രബോധനത്തിലെ മാതൃക**

(اذْهَبْ إِلَى فِرْعَوْنَ إِنَّهُ طَغَى) [طه: ٢٤]

എങ്ങനെയാകണം പ്രബോധനം എന്ന് റബ്ബ് പഠിപ്പിച്ചു.

(اذْهَبَا إِلَى فِرْعَوْنَ إِنَّهُ طَغَى فَقُولَا لَهُ قَوْلًا لَيِّنًا لَعَلَّهُ يَتَذَكَّرُ أَوْ يَخْشَى) [طه: ٤٣، ٤٤].

- സ്വയം റബ്ബാണെന്ന് പറഞ്ഞ ഫിർഔനിനോട് പോലും മാന്യമായാണ് സംസാരിക്കാൻ കൽപന എങ്കിൽ റബ്ബിനെ അംഗീകരിക്കുന്നവരോട് എത്രമാത്രം നല്ല രീതിയിലാകണം?

○ പ്രബോധകന്റെ സംസാരം ചിന്തിപ്പിക്കുന്നതും ദൈവഭയം ഉണ്ടാക്കുന്നതുമാകണം

**3. പ്രാർത്ഥനയുടെ പാഠം**

قَالَ رَبِّ اشْرَحْ لِي صَدْرِي وَيَسِّرْ لِي أَمْرِي وَاحْلُلْ عُقْدَةً مِنْ لِسَانِي يَفْقَهُوا قَوْلِي وَاجْعَلْ لِي وَزِيرًا مِنْ أَهْلِي هَارُونَ أَخِي اشْدُدْ بِهِ أَزْرِي وَأَشْرِكْهُ فِي أَمْرِي كَيْ نُسَبِّحَكَ كَثِيرًا وَنَذْكُرَكَ كَثِيرًا [طه: ٢٥- ٣٤].

○ **أنا خير منه** എന്നത് ഇബ്ലീസിന്റെ മറുപടിയാണ്

○ എന്നേക്കാൾ സംസാരിക്കാർ ഹാറൂൻ കഴിവുള്ളവനാണ് എന്നത് മൂസാ നബിയുടേയും.

○ നമുക്ക് വേണ്ടത് മൂസാ നബിയുടെ മാതൃക

**പ്രാർത്ഥനയെക്കുറിച്ച് നബി (സ്വ) പഠിപ്പിച്ചത്**

مَا مِنْ مُسْلِمٍ يَدْعُو بِدَعْوَةٍ لَيْسَ فِيهَا إِثْمٌ وَلَا قَطِيعَةُ رَحِمٍ إِلَّا أَعْطَاهُ اللَّهُ بِهَا إِحْدَى ثَلَاثٍ: إِمَّا أَنْ تُعَجَّلَ لَهُ دَعْوَتُهُ وَإِمَّا أَنْ يَدَّخِرَهَا لَهُ فِي الْآخِرَةِ وَإِمَّا أَنْ يَصْرِفَ عَنْهُ مِنَ السُّوءِ مِثْلَهَا (أخرجه أحمد)

**അല്ലാഹു മൂസാ നബി (അ) ക്ക് ഉത്തരം നൽകിയ ചരിത്രം.**

رَبِّ إِنِّي لِمَا أَنْزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ (القصص : ٢٤)

○ ഈ പ്രാർത്ഥന എപ്പോഴാണ് നടത്തുന്നത് എന്നത് നാം പഠിക്കണം. ഫറോവയിൽ നിന്നും അദ്ദേഹം ഓടി രക്ഷപ്പെടുകയാണ്.

○ സിറിയയിലെ മദ് യനിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹം തനിച്ചാണ്. ആരെയും പരിചയമില്ല.

○ അവിടെ ചില ഇടയന്മാരുണ്ട്. അവർ അവരുടെ ജോലികളിലാണ്. അവിടെ മാറി നിന്ന രണ്ടു പെൺ കുട്ടികളെ കണ്ടു. അവരോട് ആവശ്യം ചോദിച്ചു. അവർക്ക് വെള്ളം കോരിക്കൊടുത്തു.

○ അവരും ഇടയന്മാരും പോയി, ഒരു മരത്തണലിലേക്ക് മാറി നിന്ന് അദ്ദേഹം നടത്തിയ ദുആയാണിത്.

○ **ആ പ്രാർത്ഥനക്ക് ഉത്തരം നൽകിയത് കാണാം.**

○ അല്ലാഹുവിനോട് പ്രത്യേകമായ ഒന്നും ചോദിക്കാതെയാണ് മൂസാ നബി (അ) യുടെ പ്രാർത്ഥന.

○ ആ പ്രാർത്ഥനക്ക് അല്ലാഹു നാലു രീതിയിൽ അപ്പോൾ തന്നെ ഉത്തരം കൊടുക്കുന്നു.

**1. പെൺകുട്ടി വന്നു പറഞ്ഞു: വാപ്പ വിളിക്കുന്നുണ്ട് വെള്ളം കോരി തന്നതിന് കൂലി തരാൻ**

قَالَتْ إِنَّ أَبِي يَدْعُوكَ لِيَجْزِيَكَ أَجْرَ مَا سَقَيْتَ لَنَا

**2. അവരുടെ പിതാവിനെ കണ്ടു. പിതാവ് ആശ്വസിപ്പിച്ചു.**

فَلَمَّا جَاءَهُ وَقَصَّ عَلَيْهِ الْقَصَصَ قَالَ لَا تَخَفْ نَجَوْتَ مِنَ الْقَوْمِ الظَّالِمِينَ

**3. ജോലിക്ക് നിയമിക്കാം. വിശ്വസ്തനും ശക്തനുമാണ്.**

قَالَتْ إِحْدَاهُمَا يَا أَبَتِ اسْتَأْجِرْهُ إِنَّ خَيْرَ مَنِ اسْتَأْجَرْتَ الْقَوِيُّ الْأَمِينُ

പെൺകുട്ടികളിൽ ഒരാൾ പറഞ്ഞു ജോലിക്ക് വിളിക്കാം ശക്തനാണ്, വിശ്വസ്തനാണ്.

- എങ്ങനെ ശക്തനാണ് എന്നറിയാം എന്ന് പിതാവ് ചോദിച്ചു. വെള്ളം കോരി കൊടുത്തത് വേഗത്തിലാണ്. അതിലൂടെ അദ്ദേഹത്തിന്റെ ശക്തി മനസ്സിലായി.
- ഞാൻ വിളിക്കാൻ ചെന്നപ്പോൾ വിദൂരത്ത് നിന്ന് എന്നെ കണ്ടപ്പോൾ നോക്കി നിന്നു. പെണ്ണാണ് എന്നു കണ്ടപ്പോൾ ദൃഷ്ടി താഴ്ത്തി. വീട്ടിലേക്ക് നടന്നപ്പോൾ മുന്നിൽ നടന്നു. ആ പ്രവർത്തിയിലൂടെ അദ്ദേഹത്തിന്റെ വിശ്വസ്തതയും ബോധ്യമായി.

**4. ആ പെൺകുട്ടികളിൽ ഒരാളെ വിവാഹം കഴിക്കാൻ അവസരം ലഭിക്കുന്നു.**

- പിന്നെ അദ്ദേഹം ആ വീട്ടിലെ ഒരു അംഗമായി.
- ഇതെല്ലാം ആ പ്രാർത്ഥനക്കുള്ള ഉത്തരമാണ്.
- ജോലി, ഇണ, കുടുംബം, എല്ലാം ലഭിച്ചത് ഈ പ്രാർത്ഥനയിലൂടെയാണ്

**1. വിശ്വാസം ദൃഢമാണെങ്കിൽ ഒന്നിനേയും ഭയക്കണ്ട**

സാഹിറുകൾ വിശ്വസിച്ചപ്പോൾ നടന്നത്

وَأُلْقِيَ السَّحَرَةُ سَاجِدِينَ قَالُوا آمَنَّا بِرَبِّ الْعَالَمِينَ رَبِّ مُوسَى وَهَارُونَ [الأعراف: ١٢٠- ١٢٢].

പിന്നീട് ഫിർഔനിന്റെ അട്ടഹാസത്തിന് അവർ നൽകിയ മറുപടി

فَاقْضِ مَا أَنْتَ قَاضٍ إِنَّمَا تَقْضِي هَذِهِ الْحَيَاةَ الدُّنْيَا [طه: ٧٢].

**2. സത്യം ഭാരമുള്ളതാണ്,**

അന്തിമ വിജയം സത്യത്തിനാണ്

وَجَاوَزْنَا بِبَنِي إِسْرَائِيلَ الْبَحْرَ فَأَتْبَعَهُمْ فِرْعَوْنُ وَجُنُودُهُ بَغْيًا وَعَدْوًا حَتَّىٰ إِذَا أَدْرَكَهُ الْغَرَقُ قَالَ آمَنتُ أَنَّهُ لَا إِلَٰهَ إِلَّا الَّذِى آمَنَتْ بِهِ بَنُو إِسْرَائِيلَ وَأَنَا مِنَ الْمُسْلِمِينَ

ഉറച്ച വിശ്വാസത്തിനും പ്രാർത്ഥനക്കും മുന്നിൽ കടലു പിളർന്നെങ്കിൽ ഈ വിശ്വാസം മുറുകെ പിടിക്കുക

( كَلَّا إِنَّ مَعِيَ رَبِّي سَيَهْدِينِ )

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.

https://t.me/joinchat/ScQonQalrhJoZcA_